**പതിനാലാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.897 06.06.2018 -ലെ മറുപടിക്ക്**

# അംബേദ്കർ മാതൃക കോളനി പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി കോളനികളുടെ നവീകരണത്തിനായി ആവിഷ്കരിച്ച അംബേദ്കർ മാതൃക കോളനി പദ്ധതിയുടെ നിലവിലെ അവസ്ഥ വിശദമാക്കുമോ; | (എ) | പട്ടികജാതി കോളനിയുടെ നവീകരണത്തിനായി ആവിഷ്കരിച്ച അംബേദ്ക്കർ ഗ്രാമ വികസന പദ്ധതി പ്രകാരം തെരഞ്ഞെടുത്ത കോളനികളിൽ 120 കോളനികളുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് നൽകുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ള കോളനികളുടെ എസ്റ്റിമേറ്റ് ഏജൻസികൾ ലഭ്യമാക്കുന്ന മുറയ്ക്ക് അംഗീകാരം നൽകി പ്രവൃത്തി ആരംഭിക്കുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതിയിലൂടെ തെരഞ്ഞെടുത്ത കോളനികളിൽ എന്തൊക്കെ അടിസ്ഥാന സൗകര്യങ്ങളാണ് നടപ്പിലാക്കിയതെന്ന് വ്യക്തമാക്കുമോ; | (ബി) | പ്രസ്തുത പദ്ധതിയിലൂടെ തെരഞ്ഞെടുത്ത കോളനികളിൽ താഴെപ്പറയുന്നതരം പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്.<br>1. ഇന്റേണൽ റോഡ്/ഫുട്പാത്ത്<br>2. ആശയ വിനിമയ സൗകര്യം<br>3. കുടിവെള്ള സൗകര്യങ്ങൾ<br>4. ഡ്രെയിനേജ് സൗകര്യങ്ങൾ<br>5. വൈദ്യുതീകരണം/ വീടുകളിലേക്കുള്ള സോളാർ വൈദ്യുതീകരണം<br>6. സോളാർ തെരുവു വിളക്ക്<br>7. സാനിറ്റേഷൻ<br>8. ഭവന പുനരുദ്ധാരണം<br>9. മാലിന്യ നിർമ്മാർജ്ജനം<br>10. പൊതുവായ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ/കളിസ്ഥലം മുതലായവ(സ്ഥലം ലഭ്യമാണെങ്കിൽ)<br>11. സംരക്ഷണ ഭിത്തി നിർമ്മാണം<br>12. ഇറിഗേഷൻ<br>13. അടുക്കളത്തോട്ടം<br>14. വരുമാനദായകപദ്ധതികളായ |

| | | | |
|---|---|---|---|
| | | | മൃഗസംരക്ഷണം/ഹോർട്ടികൾച്ചർ<br>വീവിംഗ്/കരകൗശലം മുതലായവ |
| (സി) | ഏത് ഏജൻസി വഴിയാണ് പദ്ധതി നടപ്പിലാക്കുന്നത്; നിർവ്വഹണ ഏജൻസി എം.ഒ.യു പ്രകാരമുള്ള പ്രവൃത്തികൾ സമയബന്ധിതമായും ഗുണമേന്മയോടും കൂടി തീർക്കുന്നുവെന്ന് പരിശോധിക്കുന്നതിന് എന്ത് സംവിധാനമാണ് ഒരുക്കിയിട്ടുള്ളത്; | (സി) | **<u>നിർവ്വഹണ ഏജൻസികൾ</u>**<br>1. ജില്ലാ നിർമ്മിതി കേന്ദ്രങ്ങൾ<br>2. കേരള സംസ്ഥാന നിർമിതി കേന്ദ്രം<br>3. കേരള സ്മാൾ ഇൻഡസ്ട്രീസ് കോർപ്പറേഷൻ<br>4. ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ്<br>5. കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ<br>6. കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ്<br>7. കേരള ലാൻഡ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ<br>8. കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എൻജിനീയറിംഗ് കമ്പനി ലിമിറ്റഡ്<br>നിർവ്വഹണ ഏജൻസി MOU വെച്ച പ്രകാരമുള്ള പ്രവൃത്തികൾ സമയബന്ധിതമായി തീർക്കുന്നതിന് ഡയറക്ടറേറ്റ് തലത്തിലും ജില്ലാ ഓഫീസുകളിലും മീറ്റിംഗ് നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ ഏജൻസികൾക്ക് നൽകുന്നുണ്ട്. ഭൗതിക പരിശോധനാ അടിസ്ഥാനത്തിൽ മാത്രമേ തുടർ ഗഡുക്കൾ അനുവദിക്കാൻ കഴിയുകയുള്ളൂ. നിർവ്വഹണ ഏജൻസിയുടെ മീറ്റിംഗ് വിളിച്ചു കൂട്ടി സമയബന്ധിതമായി പദ്ധതി പ്രവർത്തനം പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നൽകുന്നുണ്ട്. |
| (ഡി) | ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് സഹിതം പ്രൊപ്പോസൽ ലഭിച്ച് അംഗീകാരം നൽകിയ എത്ര കോളനികളുടെ നിർമ്മാണ പ്രവൃത്തികൾ ഇതിനകം പൂർത്തിയായി എന്ന് വ്യക്തമാക്കുമോ? | (ഡി) | അംബേദ്കർ ഗ്രാമവികസന പദ്ധതി പ്രകാരം തെരഞ്ഞെടുത്ത കോളനികളുടെ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളായി പൂർത്തീകരിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ